A

# സമഗ്ര ശിക്ഷാ കേരളം

505

## വാർഷിക മൂല്യനിർണ്ണയം 2022-23

## സാമൂഹ്യശാസ്ത്രം

ക്ലാസ് : 5

സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലേയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

പ്രവർത്തനം 1

**കഴിഞ്ഞ കാലങ്ങളിൽ മനുഷ്യർ ഉപയോഗിച്ചിരുന്ന വസ്തുക്കളോ അവയുടെ ശേഷിപ്പുകളോ ആണ് ചരിത്രമ്യൂസിയത്തിൽ സൂക്ഷിക്കുന്നത്.**

എ) പ്രാചീനകാലത്ത് ശവസംസ്ക്കാര സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട സ്മാരകങ്ങളുടെ ചിത്രങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. അവയുടെ പേരുകൾ എഴുതുക.



1. . . . . . . . . . . . . . .



2. . . . . . . . . . . . . . .

ബി) സാമൂഹ്യശാസ്ത്രക്ലബിന്റെ നേതൃത്വത്തിൽ വിദ്യാലയത്തിൽ ഒരു ചരിത്രമ്യൂസിയം തയ്യാറാക്കാൻ തീരുമാനിച്ചു. എന്തെല്ലാം വസ്തുക്കൾ ശേഖരിക്കാം?

- പഴയകാല പാത്രങ്ങൾ
-
-
-

പ്രവർത്തനം 2

**രാജ്യത്തിലെ വിവിധ വിഭാഗം ജനങ്ങൾ തമ്മിൽ ഐക്യം ഉണ്ടായാലേ രാജ്യത്ത് സമാധാനം ഉണ്ടാകൂ. അതിനായി അശോകചക്രവർത്തി സ്വീകരിച്ച നയമാണ് 'ധമ്മം' (ധർമ്മം).**

എ) അശോക ചക്രവർത്തിയുടെ 'ധമ്മം' (ധർമ്മം) എന്ന നയത്തിന്റെ പ്രധാന ആശയങ്ങൾ കുറിക്കൂ. (ഏതെങ്കിലും നാലെണ്ണം)

ബി) അശോക ചക്രവർത്തി ബുദ്ധമതം സ്വീകരിക്കാൻ കാരണമായ യുദ്ധമേതായിരുന്നു?

പ്രവർത്തനം 3

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി കേരളത്തിന്റെ ഭൂപ്രകൃതിയെ മൂന്നായി തിരിക്കാം.




എ) രൂപരേഖ നിരീക്ഷിച്ച് സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരമുള്ള ഭൂപ്രദേശങ്ങൾ ഉൾപ്പെടുന്ന മേഖല ഏതാണെന്ന് എഴുതു.

ബി) വ്യത്യസ്ത ഭൂപ്രകൃതി വിഭാഗങ്ങളുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| ഭൂപ്രകൃതി: i) ............... | ഭൂപ്രകൃതി: തീരപ്രദേശം |
|---|---|
| ഭൂരിഭാഗവും വനങ്ങളാണ്. | മണൽ നിറഞ്ഞ ഭൂപ്രദേശം |
| ii) ............................................. | iii) ............................................. |
| സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 75 മീറ്ററിൽ കൂടുതൽ ഉയരം | iv) ............................................. |

പ്രവർത്തനം 4

**പതിനഞ്ചാം കേരള നിയമസഭയി ലേക്കുള്ള തിരഞ്ഞെടുപ്പ് 2021 ഏപ്രിൽ 6 ന് നടന്നു.**

എ) തിരഞ്ഞെടുപ്പ് പ്രക്രിയയിൽ നിർബന്ധമായി പാലിക്കേണ്ട ഘട്ടങ്ങൾ ചുവടെ നൽകിയിരിക്കുന്നു. അവ ക്രമപ്പെടുത്തി എഴുതുക.

| |
|---|
| നാമനിർദേശപത്രിക സമർപ്പിക്കൽ |
| വോട്ടെണ്ണലും ഫലപ്രഖ്യാപനവും |
| തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കൽ |
| വോട്ടെടുപ്പ് |
| നാമനിർദേശപത്രിക പിൻവലിക്കൽ |
| നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന |

തിരഞ്ഞെടുപ്പ് ഘട്ടങ്ങൾ

- തിരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കൽ
-
-
-
- വോട്ടെടുപ്പ്
-

ബി) ഇന്ത്യൻ പൗരന് പ്രായപൂർത്തി വോട്ടവകാശം നേടാൻ എത്ര വയസ് പൂർത്തിയാകണം?

പ്രവർത്തനം 5

**വൈവിധ്യമാർന്ന ഭൂമിശാസ്ത്ര സവിശേഷതകൾ കൊണ്ട് ശ്രദ്ധേയമായ വൻകരയാണ് ഏഷ്യ.**

എ) ഏഷ്യാവൻകരയുടെ സവിശേഷതകൾ എന്തെല്ലാം?

-
-
-
-

ബി) ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ഏഷ്യാവൻകരയിലാണ്. അത് ഏതാണ്?

പ്രവർത്തനം 6

**നദികളും കായലുകളും തടാകങ്ങളും കേരളീയരുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു.**

എ) **'ജലാശയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ്'** എന്ന സന്ദേശം നൽകുന്ന ഒരു പോസ്റ്റർ തയ്യാറാക്കുക

പ്രവർത്തനം 7

**ഒരു ജീവിതരീതി എന്ന നിലയിൽ ജനാധിപത്യം മാനുഷികമൂല്യങ്ങൾക്കും വ്യക്തി സ്വാതന്ത്ര്യത്തിനും അംഗീകാരം നൽകുന്നു.**

എ) ജനാധിപത്യം എന്നാൽ എന്താണ്?



ബി) ചിത്രത്തിൽ നൽകിയിരിക്കുന്ന പ്രവർത്തനം എങ്ങനെയാണ് ജനാധിപത്യരീതിയെ തടസ്സപ്പെടുത്തുന്നത്. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തൂ.

പ്രവർത്തനം 8

**ഇന്ത്യയിൽ ഭാഷ, വേഷം, ഭക്ഷണരീതി, ആചാരങ്ങൾ, ആഘോഷങ്ങൾ എന്നിവയിലെല്ലാം വളരെയധികം വൈവിധ്യങ്ങൾ ഉണ്ട്.**

എ) പട്ടിക പൂർത്തിയാക്കൂ.

| സംസ്ഥാനം | ആഘോഷം |
|---|---|
| ........................ | പൊങ്കൽ |
| ആസാം | ........................ |
| ........................ | ഓണം |

ബി) ഉത്തരേന്ത്യയിലെയും ദക്ഷിണേന്ത്യയിലെയും പ്രധാന ഭക്ഷ്യധാന്യങ്ങൾ ഏതെല്ലാം?